# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *205 – 06/12/2018 -ലെ മറുപടിക്ക്

## പദ്ധതികളുടെ നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ. കെ. ആൻസലൻ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. വി. കെ. സി. മമ്മത് കോയ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | സംസ്ഥാനത്ത് വിവിധ പദ്ധതികളുടെ നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ, സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ, ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച ദിവസങ്ങളിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി.-മാർ, എം.എൽ.എ-മാർ എന്നിവർ ഉൾപ്പെടെയുള്ള |

| | | |
|---|---|---|
| | | ജന പ്രതിനിധികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| ബി | ഈ വർഷത്തെ പദ്ധതിച്ചെലവ് കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്ര ശതമാനമാണെന്ന് വിശദമാക്കാമോ; | 30.11.2018-ലെ താല്ക്കാലിക കണക്ക പ്രകാരം ഈ സാമ്പത്തിക വർഷത്തിലെ പദ്ധതിച്ചെലവിലുള്ള പുരോഗതി കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ പുരോഗതിയേക്കാൾ കുറവാണ് കാണിക്കുന്നത്. ഇതു പ്രകാരം 2018-19 കാലയളവിലെ പദ്ധതി ചെലവ് 37.31 ശതമാനവും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിലെ പദ്ധതി ചെലവ് 55.8 ശതമാനവും ആണ്. 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയ ദുരന്തം ഏൽപ്പിച്ച ആഘാതം പദ്ധതി പ്രവർത്തനങ്ങൾ മന്ദീഭവിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. |
| സി | സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലേയ്ക്ക് പദ്ധതി ചെലവുകൾ മാറ്റി വയ്ക്കുന്നത് ഒഴിവാക്കാനും ആദ്യ മൂന്ന് മാസങ്ങളിൽ വാർഷിക പദ്ധതി പ്രകാരമുള്ള പരമാവധി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുവാനും പദ്ധതി വിഹിതം സമയ ബന്ധിതമായി വിനിയോഗിക്കുവാനും 30.12.2017-ലെ സ.ഉ.(എം.എസ്.) 45/2017-പ്ലാനിംഗ് നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മുന്തിയ പരിഗണന അർഹിക്കുന്നതും ഉടൻ നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് 2018-19 വാർഷിക പദ്ധതിയിൽ ഗ്രീൻബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വീണ്ടും ധനകാര്യ വകുപ്പിന്റെയോ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെയോ ഉപദേശം ആരായേണ്ട ആവശ്യമില്ലാത്തതിനാൽ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഭരണാനുമതി നൽകിക്കൊണ്ട് പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിന് ഉപകരിക്കുന്നു. കൂടാതെ, പദ്ധതി ചെലവ് അവസാന മാസങ്ങളിലേക്ക് മാറ്റിവയ്ക്കുന്നത് ഒഴിവാക്കുന്നതിനായി 30/03/2017-ലെ 20/2017/ധന നമ്പർ സർക്കുലർ പ്രകാരം 85% പ്ലാൻ ഫണ്ട് മാർച്ചിന് |

| | | |
|---|---|---|
| | | മുൻപും ശേഷിക്കുന്ന 15% മാർച്ചിലും ചെലവഴിക്കേണ്ടതാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമർപ്പണത്തിനും ഏകോപനത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സംസ്ഥാന പദ്ധതികളുടെ കേന്ദ്രീകൃത നിരീക്ഷണത്തിനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമർപ്പണത്തിനും ഏകോപനത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും വേണ്ടി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു) പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ